കുറിപ്പുകൾ

●

എം. സാജിദ്

# ബംഗ്ലാദേശിൽ സംഭവിക്കുന്നത്

**താൽക്കാലിക** സർക്കാർ ഏർപ്പെടുത്തിയ രണ്ടുവർഷത്തെ അടിയന്തരാവസ്ഥക്ക് അന്ത്യം കുറിച്ചുകൊണ്ട് ബംഗ്ലാദേശ് ജനത പുതിയ ജനാധിപത്യ സർക്കാറിനെ തെരഞ്ഞെടുത്തിരിക്കുന്നു. ബംഗ്ലാദേശ് രാഷ്ട്രീയത്തിലെ രണ്ട് സുപ്രധാന കുടുംബങ്ങളിലെ വനിതകൾ നേതൃത്വം നൽകിയ മുന്നണികൾ നേർക്കുനേർ ഏറ്റുമുട്ടിയ തെരഞ്ഞെടുപ്പിൽ മുൻ പ്രധാനമന്ത്രിയും രാഷ്ട്രപിതാവ് ശൈഖ് മുജീബുർറഹ്മാന്റെ മകളുമായ ശൈഖ് ഹസീന വാജിദിന്റെ നേതൃത്വത്തിലുള്ള അവാമി ലീഗ് മുന്നണി മിന്നുന്ന ജയമാണ് കരസ്ഥമാക്കിയത്. മുൻ പ്രധാനമന്ത്രിയും മുൻ പട്ടാള ഭരണാധികാരി ജനറൽ സിയാഉർറഹ്മാന്റെ വിധവയുമായ ബീഗം ഖാലിദ സിയ നേതൃത്വം നൽകിയ 4 പാർട്ടി മുന്നണി ചരിത്രത്തിലെ ഏറ്റവും വലിയ തോൽവിയാണ് ഏറ്റുവാങ്ങിയത്. പാർലമെന്റിൽ ആകെയുള്ള 330ൽ 299 സീറ്റിലേക്കാണ് മത്സരം നടന്നത് (30 സീറ്റുകൾ നോമിനേറ്റ് ചെയ്യപ്പെടുന്ന വനിതകൾക്കുള്ളതാണ്). 230 സീറ്റുകൾ ഒറ്റക്ക് നേടിയ അവാമി ലീഗ് കരുത്ത് തെളിയിച്ചു. സഖ്യകക്ഷിയായ മുൻ പട്ടാള ഭരണാധികാരി എച്ച്.എം ഇർഷാദിന്റെ ജാതീയ പാർട്ടിക്ക് 27 സീറ്റുകൾ ലഭിച്ചു. മറ്റു സഖ്യകക്ഷികളായ വർക്കേഴ്സ് പാർട്ടി ഓഫ് ബംഗ്ലാദേശിന് രണ്ടും, ലിബറൽ ഡമോക്രാറ്റിക് പാർട്ടിക്ക് ഒന്നും, ജാതീയ സമാജ് തന്ത്രിക് ദലിന് മൂന്നും സീറ്റുകൾ ലഭിച്ചു.

ഖാലിദ സിയയുടെ ബംഗ്ലാദേശ് നാഷ്നലിസ്റ്റ് പാർട്ടിക്ക് 28 സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പ്രധാന സഖ്യകക്ഷിയായ ജമാഅത്തെ ഇസ്‌ലാമിക്ക് കനത്ത തിരിച്ചടിയാണ് ഇത്തവണ ഉണ്ടായത്. രണ്ട് സീറ്റുകൾ മാത്രമേ ജമാഅത്തിന് ലഭിച്ചുള്ളൂ. മറ്റൊരു സഖ്യകക്ഷിയായ ബംഗ്ലാദേശ് ജാതീയ പാർട്ടിക്ക് ഒരു സീറ്റ് ലഭിച്ചു.

ബംഗ്ലാദേശിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന പോളിംഗ് (86.29%) ആണ് ഇത്തവണ ഉണ്ടായത്. 8.1 കോടി വോട്ടർമാർ സമ്മതിദാനാവകാശം രേഖപ്പെടുത്തിയ തെരഞ്ഞെടുപ്പിൽ 38 പാർട്ടികളാണ് മാറ്റുരച്ചത്. ആകെയുള്ള 96.16 ശതമാനം വോട്ടുകൾ അവാമി ലീഗ്, ബി.എൻ.പി, ജാതീയ പാർട്ടി, ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമി ശസൻതന്ത്ര ആൻദോളൻ എന്നീ അഞ്ചു പാർട്ടികൾ പകുത്തെടുത്തു. സ്വതന്ത്രർക്ക് മൊത്തം 3.84 ശതമാനം വോട്ടുകൾ കിട്ടിയപ്പോൾ ബാക്കി 33 പാർട്ടികൾക്ക് കിട്ടിയത് കേവലം 3.84 ശതമാനം വോട്ടുകളാണ്. ഇത്തവണ പുതുതായി അവതരിപ്പിച്ച നോ-വോട്ടുകൾ (ആർക്കും വോട്ടു ചെയ്യാതിരിക്കൽ) 0.55 ശതമാനത്തിൽ ഒതുങ്ങി.

ഒരു കോടിയിലധികം വ്യാജ വോട്ടർമാരെ ഒഴിവാക്കി രാജ്യത്തെ മുഴുവൻ പൗരന്മാർക്കും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൊടുത്ത് തയാറാക്കിയ ഇലക്ട്രോണിക് വോട്ടർ പട്ടിക കൃത്രിമങ്ങൾ തടയുന്നതിന് ഏറെ പ്രയോജനപ്പെട്ടു. രണ്ടു വർഷക്കാലത്തെ കെയർടേക്കർ ഭരണത്തിൽ മറ്റു ഒട്ടനവധി പരിഷ്കാരങ്ങളും നടപ്പാക്കിയിരുന്നു. അഴിമതിവിരുദ്ധ നീക്കം അതിന്റെ ഭാഗമായിരുന്നു. കുറേയേറെ അഴിമതിക്കാരെ തുറുങ്കിലടക്കാൻ കഴിഞ്ഞതോടൊപ്പം തൂക്കമൊപ്പിക്കാൻ നിരപരാധികളെ കൂടി വേട്ടയാടിയതിനാൽ ഈ നീക്കം ഏറെ വിമർശനം ക്ഷണിച്ചുവരുത്തുകയും ചെയ്തു. രാഷ്ട്രീയ പാർട്ടികളുടെ രജിസ്ട്രേഷന് കുറേയേറെ പുതിയ നിബന്ധനകൾ കൂട്ടിച്ചേർത്ത് റെപ്രസന്റേഷൻ ഓഫ് പീപ്പ്ൾസ് ഓർഡർ പരിഷ്കരിച്ചു. ഇതനുസരിച്ച് രാഷ്ട്രീയ പാർട്ടികൾ അംഗീകരിക്കപ്പെടണമെങ്കിൽ ആഭ്യന്തര ജനാധിപത്യം ശക്തിപ്പെടുത്തണം. താഴെ തട്ടുവരെ കൃത്യമായ തെരഞ്ഞെടുപ്പുകൾ നടത്തണം. 2020 ആകുമ്പോഴേക്ക് പാർട്ടി നേതൃത്വത്തിലെ മൂന്നിലൊന്ന് സ്ത്രീകൾക്ക് സംവരണം ചെയ്യാനുള്ള നടപടികൾ ആരംഭിക്കണം. പ്രാദേശിക കമ്മിറ്റികൾ നിർദേശിക്കുന്നവരെയാവണം സ്ഥാനാർഥികളാക്കേണ്ടത്. പാർട്ടിയുടെ ഭരണഘടന ബം

| പാർട്ടി | 2008 | | 2001 | |
|---|---|---|---|---|
| | സീറ്റുകൾ | വോട്ട് % | സീറ്റുകൾ | വോട്ട് % |
| അവാമി ലീഗ് | 230 | 48.06 | 62 | 40.02 |
| ബി.എൻ.പി | 29 | 32.45 | 193 | 41.4 |
| ജമാഅത്തെ ഇസ്‌ലാമി | 2 | 4.6 | 17 | 4.28 |
| ജതീയ പാർട്ടി (ഇർഷാദ്) | 27 | 7.05 | 14 | 7.22 |

ഗ്ലാദേശ് ഭരണഘടനക്ക് വിരുദ്ധമാവരുത്. മത-ജാതി-ലിംഗാടിസ്ഥാനത്തിൽ അംഗത്വം പരിമിതപ്പെടുത്തരുത്. ഒരു സ്ഥാനാർഥിക്കും വോട്ടു നൽകാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ നിഷേധവോട്ടുകൾ രേഖപ്പെടുത്താനുള്ള അനുമതിയും പുതിയ പരിഷ്കാരങ്ങളിൽ പെടുന്നു. നിഷേധ വോട്ടുകൾ 50 ശതമാനത്തിൽ അധികം വന്നാൽ ആ മണ്ഡലത്തിൽ പുനർ തെരഞ്ഞെടുപ്പ് നടത്തും.

തെരഞ്ഞെടുപ്പിനു മുമ്പുള്ള പ്രചാരണം ഇരു മുന്നണികളുടെയും വ്യത്യസ്ത സമീപനങ്ങൾ കൊണ്ട് ശ്രദ്ധേയമായി. നേരത്തെ ഒറ്റക്ക് മത്സരിച്ചിരുന്ന ഇർഷാദിന്റെ ജാതീയ പാർട്ടി അടക്കം 9 പാർട്ടികളെ ഉൾപ്പെടുത്തിയ ഹസീനയുടെ മഹാസഖ്യം (മഹാജോഡ്) മതേതര പാരമ്പര്യവും ജനാധിപത്യവും ഉയർത്തിപ്പിടിച്ചപ്പോൾ 'ഇസ്‌ലാമിനെ രക്ഷിക്കുക, ബംഗ്ലാദേശിന്റെ പരമാധികാരം സംരക്ഷിക്കുക' എന്ന മുദ്രാവാക്യമാണ് ഖാലിദസിയയുടെ മുന്നണി മുഴക്കിയത്. ഹസീനയുടെ സഖ്യത്തിന്റെ 'പുരോഗമന മുഖ'ത്തെ പ്രശംസിച്ച് പാശ്ചാത്യ-ഇന്ത്യൻ മാധ്യമങ്ങളും ഇതേറ്റുപറഞ്ഞു. അഴിമതി, വിലക്കയറ്റ നിയന്ത്രണം, സാധാരണക്കാരന്റെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഇരു കക്ഷികളുടെയും വാഗ്ദാനങ്ങളിൽ കാര്യമായ വ്യത്യാസം ഉണ്ടായിരുന്നില്ല.

## ജമാഅത്തെ ഇസ്‌ലാമി

കനത്ത തോൽവിയാണ് ഇക്കുറി ജമാഅത്തിന് നേരിടേണ്ടിവന്നത്. നേരത്തേയുണ്ടായിരുന്ന 17 സീറ്റുകൾ രണ്ടായി ചുരുങ്ങിയപ്പോൾ ജമാഅത്ത് അമീർ, സെക്രട്ടറി തുടങ്ങിയ മുൻനിര നേതാക്കൾക്കെല്ലാം പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. 6 മണ്ഡലങ്ങളിൽ 50000ലധികം വോട്ടുകൾക്ക് പരാജയം നേരിട്ടപ്പോൾ മൂന്നിടങ്ങളിൽ തോൽവി ഒരു ലക്ഷത്തിലധികം വോട്ടുകൾക്കായിരുന്നു. ജമാഅത്ത് സെക്രട്ടറി അലി അഹ്‌സൻ മുജാഹിദ് അടക്കം 7 പേർ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു.

അതേസമയം 2001നെ അപേക്ഷിച്ച് 8 ലക്ഷം അധികം വോട്ടുകൾ ജമാഅത്തിന് ലഭിച്ചു. വോട്ട് ശതമാനത്തിലും നേരിയ വർധന(0.32%) ഉണ്ടായിട്ടുണ്ട്.യഥാർഥ പരാജയ കാരണങ്ങൾ വിശകലനം ചെയ്ത് ജമാഅത്ത് നേതൃത്വം ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. ഔദ്യോഗിക വിശദീകരണം ഇനിയും ഉണ്ടായിട്ടില്ല.

യുദ്ധക്കുറ്റാരോപണം ഏറ്റവും ശക്തമായി നേരിടേണ്ടി വന്ന തെരഞ്ഞെടുപ്പായിരുന്നു ജമാഅത്തിന് ഇത്തവണത്തേത്. വിമോചന സമരക്കാലത്ത് പാകിസ്താൻ പക്ഷത്തുനിന്ന് ആയുധമെടുത്ത് പോരാടുകയും രാജ്യത്തെ ബുദ്ധിജീവികളെ കൊന്നൊടുക്കുകയും ചെയ്തു എന്നതാണ് ഏറ്റവും വലിയ ആരോപണം. ഇതുവരെ ഒരു കോടതിക്കും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഈ ആരോപണം ജമാഅത്ത് നേതൃത്വം ആവർത്തിച്ച് നിഷേധിക്കുകയും സ്വതന്ത്രമായ അന്വേഷണത്തിന് സന്നദ്ധത കാണിക്കുകയും ചെയ്തെങ്കിലും കടുത്ത എതിർ പ്രചാരണത്തിനു മുന്നിൽ അത് ഫലിക്കാതെ പോയി. എണ്ണത്തിൽ കുറവെങ്കിലും പൊതുസമൂഹത്തിൽ ശക്തമായ സ്വാധീനമുള്ള സെക്യുലർ ബുദ്ധിജീവികൾ ഈ ആരോപണം ഏറ്റുപിടിച്ചു കൊണ്ടാണ് ഈ തെരഞ്ഞെടുപ്പിനെ നേരിട്ടത്. പാശ്ചാത്യ ഇന്ത്യൻ മാധ്യമങ്ങൾ ഒത്തുചേർന്ന പ്രചാരണയുദ്ധത്തിൽ ജമാഅത്തിന്റെ സത്യസന്ധതക്ക് വിലയില്ലാതെ പോയി.

കെയർടേക്കർ സർക്കാറിന്റെ പരിഷ്കരണങ്ങളിലും ജമാഅത്തിനെ ഉന്നം വെച്ച് ധാരാളം അമ്പുകളുണ്ടായിരുന്നു. എന്നാൽ ലോകത്തിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കൊന്നടങ്കം മാതൃക കാണിച്ചുകൊണ്ട് അതിഗംഭീരമായ പ്രായോഗിക യുക്തികൾ കൊണ്ടാണ് ജമാഅത്ത് ഇവയെ മറികടന്നത്.

ജമാഅത്തിന്റെ പ്രകടനപത്രികയിലെ മുഖ്യ വാഗ്ദാനങ്ങൾ ഇവയായിരുന്നു: ശക്തമായ ജനാധിപത്യ സംവിധാനം, നിയമവാഴ്ച പുനഃസ്ഥാപിക്കൽ, പ്രതിരോധ സംവിധാനം മെച്ചപ്പെടുത്തൽ, ഭീകരതയുടെയും അഴിമതിയുടെയും നിഷ്കാസനം, വിദ്യാഭ്യാസത്തിന് വർധിച്ച പരിഗണന, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം, ഉയർന്ന സബ്സിഡികൾ, ഭക്ഷ്യ സുരക്ഷ, സൗജന്യ വളം, ഹർത്താൽ-ഘരാവോ നിരോധം, ജീവനക്കാർക്ക് വേതന വർധന, ഇ-ഗവേർണൻസിന് പ്രാമുഖ്യം, സ്ത്രീ-മദ്റസാ വിദ്യാഭ്യാസത്തിന് പ്രത്യേക സഹായങ്ങൾ, വിദേശ ഇടപെടൽ കുറച്ചുകൊണ്ടും ആഭ്യന്തര വിഭവങ്ങൾ ഉപയോഗപ്പെടുത്തിയുമുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ, പലിശനിരക്ക് ചുരുക്കൽ, ഗ്രാമപ്രദേശങ്ങളിൽ വൈദ്യുതി, മതനിന്ദാ നിയമം കൊണ്ടുവരൽ, എല്ലാ മതസ്ഥർക്കും തുല്യ പരിഗണന, ടൂറിസം വികസനത്തിന് പ്രോത്സാഹനം, ദരിദ്ര സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്ക് പ്രത്യേക സഹായ പദ്ധതി, ബജറ്റിന്റെ 12 ശതമാനം ആരോഗ്യമേഖലക്ക്, സ്വാതന്ത്ര്യവും പരമാധികാരവും ഉയർത്തിപ്പിടിക്കുന്ന വിദേശനയം.

'ഇസ്‌ലാമിസ്റ്റോഫോബിയ' പിടിപെട്ട പാശ്ചാത്യ പഠന കേന്ദ്രങ്ങൾ അടക്കം ജമാഅത്തിന്റെ ക്ലീൻ ഇമേജ് അംഗീകരിച്ചിരുന്നു. വോട്ട് ശതമാനം കുറവാണെങ്കിലും ആരോഗ്യ-വിദ്യാഭ്യാസ-ബാങ്കിംഗ് മേഖലകളിലെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ 'സ്റ്റേറ്റിനകത്തെ സ്റ്റേറ്റ്' എന്ന പദവിയിലേക്ക് ജമാഅത്ത് എത്തിയിരുന്നതായി ഇതേ ഏജൻസികൾ തന്നെ രേഖപ്പെടുത്തുന്നു. ശക്തമായ ഘടനയും അച്ചടക്കവുമുള്ള അണികളുമുള്ള ഏക രാഷ്ട്രീയ പ്രസ്ഥാനവും ജമാഅത്ത് തന്നെയാണ്. അഴിമതി വിരുദ്ധ നീക്കത്തിൽ മുഖ്യധാരാ പാർട്ടികളിലെ ഒട്ടനവധി വൻതലകൾ വീണുരുണ്ടപ്പോൾ തൂക്കമൊപ്പിക്കാൻ ഏതാനും നേതാക്കളെ കേസിൽ കുടുക്കിയതൊഴിച്ചാൽ ഈ കോലാഹലങ്ങളിലൊന്നും ജമാഅത്ത് ഭാഗഭാക്കായിരുന്നില്ല.

ഇർഷാദിന്റെ സാന്നിധ്യം, യുദ്ധക്കുറ്റം ആരോപിച്ചുള്ള ജമാഅത്ത് വേട്ട, ഭരണവിരുദ്ധ തരംഗം, ബി.എൻ.പിയിലെ പിളർപ്പ് തുടങ്ങിയ ഘടകങ്ങൾ ഹസീനയുടെ വിജയത്തിന് കാരണമായിട്ടുണ്ട്. തെരഞ്ഞെടുപ്പ് കൃത്രിമത്വത്തെക്കുറിച്ച് ഖാലിദ സിയ നടത്തിയ പരാമർശങ്ങൾ ആരും ഗൗരവത്തിലെടുക്കുമെന്ന് തോന്നുന്നില്ല.

തങ്ങൾ പോലും പ്രതീക്ഷിക്കാത്ത വിജയം നേടിയ അവാമി ലീഗിന്റെ അടുത്ത നടപടികൾ എങ്ങനെയായിരിക്കും എന്ന സൂചനകൾ ഇതിനകം വന്നുകഴിഞ്ഞിരിക്കുന്നു. ഖാലിദയെ സർക്കാറിൽ സഹകരിക്കാൻ ക്ഷണിച്ചെങ്കിലും ജമാഅത്ത് ബാനറിൽ വിജയിച്ച അനാം ശംസുൽ ഇസ്‌ലാം, എ.എച്ച്.എം ഹമീദുർറഹ്മാൻ ആസാദ് എന്നീ എം.പിമാരെ മന്ത്രിസഭാ സ്ഥാനാരോഹണ ചടങ്ങിന് ക്ഷണിക്കാൻ പോലും ഹസീന തയാറായില്ല. 1971-ലെ യുദ്ധക്കുറ്റവാളികളെ വിചാരണ ചെയ്യുമെന്ന് ഉടൻ പ്രഖ്യാപിക്കാനും അവർ മറന്നില്ല. വളരെ വൈകാതെ ജമാഅത്തിനെ നിരോധിക്കാനും ജമാഅത്ത് നേതാക്കളെ തുറുങ്കിലടക്കാനുമുള്ള സാധ്യതയും രാഷ്ട്രീയ നിരീക്ഷകർ തള്ളിക്കളയുന്നില്ല. പ്രതിസന്ധികളെയും വിജയ-പരാജയങ്ങളെയും സർഗാത്മകമായി നേരിടുന്നതിൽ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് മാതൃകയാവുകയാണ് ബംഗ്ലാദേശിലെ ഇസ്‌ലാമിക പ്രസ്ഥാനം. ■